"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട് ടൗൺഷിപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റിൽ തസ്തികകൾ സൃഷ്ടിച്ചും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ തലവനായി സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ടിനെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.4/2025/DMD　തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:-

1. സഉ(പി) നം.2/2024/ഡിഎംഡി തീയതി 09/08/2024
2. സഉ(കൈ) നം.2/2025/ഡിഎംഡി തീയതി 15/01/2025
3. സ്പെഷ്യൽ ഓഫീസർ,വയനാട് ടൗൺഷിപ്പ് പ്രോജക്ടിന്റെ 27/01/2025, 07/02/2025, 13/02/2025 ലെ CIAL/SO/2024-25/04, CIAL/SO/2024-25/03, CIAL/SO/2024-25/05 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

വയനാട് ടൗൺഷിപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റിൽ (PIU) ചുവടെ കാണുന്ന പ്രകാരം തസ്തികകൾ സൃഷ്ടിച്ചും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ തലവനായി സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ടിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

1. വയനാട് ടൗൺഷിപ്പ് പദ്ധതികളുടെ നടത്തിപ്പിനായി രൂപീകരിച്ച പദ്ധതി നിർവ്വഹണ യൂണിറ്റിൽ അക്കൗണ്ട്സ് ഓഫീസർ, സിവിൽ എൻജിനീയർ എന്നീ തസ്തികകൾ അനുവദിച്ച് ഉത്തരവാകുന്നു. പദ്ധതി നിർവ്വഹണ യൂണിറ്റിലെ ഫിനാൻ സ് & അക്കൗണ്ട്സ് ഓഫീസർ എന്ന തസ്തിക ഫിനാൻസ് ഓഫീസർ എന്ന് പുനർനാമകരണം ചെയ്യുന്നു.
2. വയനാട് ടൗൺഷിപ്പ് പദ്ധതികളുടെ നടത്തിപ്പിനായി രൂപീകരിച്ച പദ്ധതി നിർവ്വഹണ യൂണിറ്റിൽ ചുവടെ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ച് സ്റ്റാഫിന്റെ നിയമനം

നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ടിന് അനുമതി നല്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമന രീതി | ശമ്പള സ്കെയിൽ/ കരാർ ശമ്പളം |
|---|---|---|---|---|
| 1. | ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ | 1 | കെ.എ.എസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം | 77,200 - 1,40,500 |
| 2. | ഫിനാൻസ് ഓഫീസർ | 1 | ധനകാര്യ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം. അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ. | മാതൃവകുപ്പിലേത് പ്രകാരം |
| 3. | അക്കൗണ്ട്സ് ഓഫീസർ | 1 | കരാർ നിയമനം | ₹ 60,000/- |
| 4. | ക്ലർക്കുമാർ | 3 | റവന്യൂ വകുപ്പിൽ നിന്നും അന്യത്ര സേവനം മുഖേന | മാതൃവകുപ്പിലേത് പ്രകാരം |
| 5. | പ്രോഗ്രാം ഓഫീസർ | 1 | കരാർ നിയമനം | ₹ 1,00,000/- |
| 6. | സിവിൽ എൻജിനീയർ | 1 | കരാർ നിയമനം | ₹ 70,000/- |

3. വയനാട് ടൗൺഷിപ്പ് പ്രോജക്ടിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ, പരാമർശം(2) ലെ ഉത്തരവിൽ ഭേദഗതി വരുത്തി ജില്ലാ കളക്ടർക്ക് പകരം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ തലവനായി സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ടിനെ ചുമതലപ്പെടുത്തുന്നു. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സ്പെഷ്യൽ ഓഫീസറിന് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട്
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ(എസ് സി) വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 20-03-2025 12:20:00
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. ഡിഎം.എ2/59/2025/ഡിഎംഡി.(പാർട്ട് 2). ഇനം നം: 2803

വിഷയം : ദുരന്തനിവാരണ വകുപ്പ് - വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ പദ്ധതി നിർവ്വഹണ യൂണിറ്റിൽ (PIU) വിവിധ തസ്തികകൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്.

2803

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 2/59/2025-ഡി.എം.ഡി (പാർട്ട് 2) |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ പദ്ധതി നിർവ്വഹണ യൂണിറ്റിൽ (PIU)വിവിധ തസ്തികകൾ അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16/03/2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.അനുരാധ കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 17/03/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/03/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18/03/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18/03/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുളള കുറിപ്പ്

വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ പദ്ധതി നിർവ്വഹണ യൂണിറ്റിൽ (PIU) വിവിധ തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2 വയനാട് ടൗൺഷിപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റിൽ (PIU) ഒരു ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (COO), ഒരു പ്രോഗ്രാം ഓഫീസർ, ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് ഓഫീസർ, ക്ലറിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കാൻ 15/01/2025 ലെ സഉ(കൈ)നം.02/2025/ഡിഎംഡി പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.

3. 15/01/2025-ലെ സഉ(കൈ)നം.02/2025/ഡിഎംഡി ഉത്തരവ് പ്രകാരം സൃഷ്ടിച്ച തസ്തികയ്ക്ക് പുറമെ കരാർ അടിസ്ഥാനത്തിൽ സിവിൽ എഞ്ചിനീയർ തസ്തിക സൃഷ്ടിക്കാൻ സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. ടൗൺഷിപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചുവടെ കാണുന്ന തസ്തികകൾ അനുവദിക്കുന്നതിന് സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

i. **<u>ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ</u>** (കെഎഎസിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ അല്ലെങ്കിൽ നേരിട്ടുള്ള റിക്രൂട്ട്മെന്റ്)- പ്രതിമാസ ശമ്പളം -1,48,351/-

<u>ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുടെ ചുമതലയും ഉത്തരവാദിത്വങ്ങളും:</u>

- മൊത്തത്തിലുള്ള പ്രോജക്റ്റ് മാനേജ്മെന്റ്: പദ്ധതി നടപ്പിലാക്കൽ പ്രക്രിയയുടെ മുഴുവൻ മേൽനോട്ടം വഹിക്കുകയും സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കലിന് ഉറപ്പുനൽകുകയും ചെയ്യുക.
- തന്ത്രപരമായ ആസൂത്രണം: ടൗൺഷിപ്പ് നിർമാണത്തിനായും, നടത്തിപ്പിനെയും തന്ത്രപരമായ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- പങ്കാളി സമന്വയം: പദ്ധതി നിർവ്വഹണ യൂണിറ്റ് (PIU), ULCCS Ltd, KIIFCON, മറ്റ് പങ്കാളികൾ എന്നിവരുടെ ഇടയിൽ പ്രധാന സമ്പർക്ക ഉദ്യോഗസ്ഥനായി പ്രവർത്തിക്കുക.

- നിരീക്ഷണവും മൂല്യനിർണയവും: പദ്ധതിയുടെ പുരോഗതി നിരന്തരം നിരീക്ഷിക്കുകയും നിശ്ചിത ലക്ഷ്യങ്ങളുടെയും ഉദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രകടനം വിലയിരുത്തുകയും ചെയ്യുക.
- റിസ്ക് മാനേജ്മെന്റ് സാധ്യതയുള്ള അപകടസാധ്യതകൾ തിരിച്ചറിയുകയും പദ്ധതിയുടെ തുടർച്ചയും വിജയവും ഉറപ്പാക്കുന്നതിനുള്ള ശമനതന്ത്രങ്ങൾ വികസിപ്പിക്കുകയും ചെയ്യുക.

ii. **ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ** (ധനകാര്യ വകുപ്പിൽ നിന്ന് നിയോഗിക്കപ്പെട്ടിട്ടുള്ളതും , ലോകബാങ്ക്/ബാങ്ക് എയ്ഡഡ് പ്രോജക്ടുകളിൽ മുൻകൂർ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം) - പ്രതിമാസ ശമ്പളം - 125,346/-

ഫിനാൻസ് ഓഫീസറുടെ ചുമതലയും ഉത്തരവാദിത്വങ്ങളും

- ബജറ്റ് മാനേജ്മെന്റ്:പ്രോജക്ട് ബജറ്റ് വികസിപ്പിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുക
- ഫിനാൻഷ്യൽ റിപ്പോർട്ടിംഗ്: സുതാര്യത ഉറപ്പാക്കിക്കൊണ്ട്, ഓഹരി ഉടമകൾക്കും അധികാരികൾക്കും സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുകയും അവതരിപ്പിക്കുകയും ചെയ്യുക.
- ഫണ്ടിംഗ് കോർഡിനേഷൻ: പ്രോജക്ടിന് ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ സുരക്ഷിതമാക്കാൻ സ്പോൺസർമാരുമായും ഫണ്ടിംഗ് ഏജൻസികളുമായും ഏകോപിപ്പിക്കുക.
- ചെലവ് ട്രാക്കിംഗ്: ബജറ്റ് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ പ്രോജക്ട് ചെലവുകളും നിരീക്ഷിക്കുകയും ട്രാക്ക് ചെയ്യുകയും ചെയ്യുക.
- സാമ്പത്തിക അനുസരണം: എല്ലാ സാമ്പത്തിക നിയന്ത്രണങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക

iii.**മൂന്ന് ക്ലറിക്കൽ സ്റ്റാഫ്** - (ഏതെങ്കിലും സർക്കാർ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടേഷനിൽ സാധ്യമല്ലെങ്കിൽ ഓപ്പൺ മാർക്കറ്റിൽ നിന്ന് റിക്രൂട്ട് ചെയ്യണം) - പ്രതിമാസ ശമ്പളം- 21,528/- വീതം (ആകെ 3*21528=64,584/-)

ക്ലറിക്കൽ സ്റ്റാഫിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും

- ഭരണപരമായ പിന്തുണ: ഷെഡ്യൂളിംഗ്, ഡോക്യുമെന്റേഷൻ, ആശയവിനിമയം എന്നിവ ഉൾപ്പെടെ PIU ടീമിന് അഡ്മിനിസ്ട്രേറ്റീവ് പിന്തുണ നൽകുക.

- റെക്കോർഡ് സൂക്ഷിക്കൽ: പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും കത്തിടപാടുകളുടെയും കൃത്യമായ രേഖകൾ സൂക്ഷിക്കുക.

- ഡാറ്റാ എൻട്രി: പദ്ധതിയുമായി ബന്ധപ്പെട്ട ഡാറ്റാ കൃത്യതയോടും പൂർണ്ണതയോടും കൂടെ രേഖപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുക.

- കത്തിടപാട്: PIU വിലേയ്ക്ക് വരുന്നതും, പോകുന്നതുമായ കത്തിടപാടുകൾ കൈകാര്യം ചെയ്യുകയും സമയബന്ധിതവും ഫലപ്രദവുമായ ആശയവിനിമയം ഉറപ്പാക്കുകയും ചെയ്യുക.
- ഓഫീസ് മാനേജ്മെന്റ് PIU ഓഫീസിന്റെ ദിവസേനയുള്ള നടത്തിപ്പിൽ ഉൾപ്പെടെ സാധനങ്ങളും ഉപകരണങ്ങളും കൈകാര്യം ചെയ്യുന്നതിൽ സഹായിക്കുക.

iv. **പ്രോഗ്രാം ഓഫീസർ** (ഓപ്പൺ മാർക്കറ്റിൽ നിന്ന് റിക്രൂട്ട് ചെയ്യപ്പെട്ടും-
പ്രതിമാസ ശമ്പളം (കരാറിൽ)- 1,50,000/-)

പ്രോഗ്രാം ഓഫീസറുടെ ചുമതലയും ഉത്തരവാദിത്തങ്ങളും

- പ്രോഗ്രാം വികസനം: പ്രോജക്ട് ലക്ഷ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി പ്രോഗ്രാമുകളും പ്രവർത്തനങ്ങളും വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, വിഭവങ്ങളുടെ കാര്യക്ഷമമായ വിഹിതം ഉറപ്പാക്കുക, സ്പോൺസർഷിപ്പ് മാനേജ്മെന്റ്

- കമ്മ്യൂണിറ്റി ഇടപഴകൽ: പ്രാദേശിക കമ്മ്യൂണിറ്റിയുമായി അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും പദ്ധതിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കാനും അവരുമായി ഇടപഴകുക.

- ഏകോപനം: പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പ്, സ്പോൺസർഷിപ്പ് ഏകോപനം എന്നിവ ഉറപ്പാക്കാൻ വിവിധ ടീമുകളുമായും വകുപ്പുകളുമായും ഏകോപിപ്പിക്കുക.

- ഡോക്യുമെന്റേഷൻ: ഭാവി റഫറൻസിനായി എല്ലാ പ്രോഗ്രാം പ്രവർത്തനങ്ങളും, ഫലങ്ങളും , പഠിച്ച പാഠങ്ങളും രേഖപ്പെടുത്തുക.

- റിപ്പോർട്ടിംഗ്: പ്രോഗ്രാം റിപ്പോർട്ടുകൾ തയ്യാറാക്കി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർക്ക് സമർപ്പിക്കുക

V. **സിവിൽ എഞ്ചിനീയർ (കരാറിൽ)** -ഏകീകൃത ശമ്പളം : രൂപ 100,000/-

<u>സിവിൽ എഞ്ചിനീയറുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും</u>

- KIIFCON, ULCC എന്നിവയിൽ നിന്ന് ലഭിച്ച എല്ലാ രേഖകളുടെയും പരിശോധന

- പ്രോജക്ട് സൈറ്റ് പരിശോധന

- പദ്ധതിയുടെ സാങ്കേതിക വശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ അജണ്ടയും മിനിറ്റ്സും തയ്യാറാക്കൽ

- പ്രോജക്ട് ബില്ലുകളുടെയും പ്രോജക്ട് ഡോക്യുമെന്റുകളുടെയും പരിശോധനയും സ്ഥിരീകരണവും.

- എല്ലാ സാങ്കേതിക കാര്യങ്ങളുടെയും ഡോക്യുമെന്റേഷൻ മാനേജ്മെന്റ്

- ബന്ധപ്പെട്ട എല്ലാ സോഫ്റ്റ്‌വെയറുകളുടെയും ഉപയോഗം (AUTO CAD)

- ജിയോ ടെക്നിക്കൽ സർവേകളുടെയും അന്വേഷണ റിപ്പോർട്ടുകളുടെയും അവലോകനം, സൈറ്റിൽ നടത്തിയ മറ്റ് ടെസ്റ്റ് റിപ്പോർട്ടുകൾ

- കരാറുകാരൻ EPC കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ

- സ്വതന്ത്ര സാങ്കേതിക ഓഡിറ്റർമാരുമായും M/s KIFCON എന്നിവരുമായും ഏകോപിപ്പിക്കൽ, അനുമതികളും അംഗീകാരങ്ങളും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/നിയമപ്രകാരമുള്ള അധികാരികളുമായി ഏകോപിപ്പിക്കൽ.

4. ധനകാര്യ വകുപ്പ് ചുവടെ കാണുന്ന അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

"വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ നടത്തിപ്പിനായി പി.ഐ.യു സ്ഥാപിക്കുന്നതിനായി ചുവടെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നത് ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമന രീതി | ശമ്പള സ്കെയിൽ/കരാർ ശമ്പളം |
|---|---|---|---|---|
| 1 | ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ | 1 | കെ.എ.എസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം | 77,200 - 140,500. |
| 2. | ഫിനാൻസ് ഓഫീസർ | 1 | ധനകാര്യ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം. അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ. | മാതൃവകുപ്പിലേത് പ്രകാരം |
| 3. | അക്കൗണ്ട്സ് ഓഫീസർ | 1 | കരാർ നിയമനം | ₹ 60,000/- |
| 4. | ക്ലർക്കുമാർ | 3 | ഏതെങ്കിലും സർക്കാർ വകുപ്പിൽ | മാതൃവകുപ്പിലേത് പ്രകാരം |

| | | | | |
|---|---|---|---|---|
| | | | നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം. | |
| 5. | പ്രോഗ്രാം ഓഫീസർ | 1 | കരാർ നിയമനം | ₹ 1,00,000/- |
| 6. | സിവിൽ എൻജിനീയർ | 1 | കരാർ നിയമനം | ₹ 70,000/- |

ഇതിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5. വയനാട് പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന പദ്ധതി നിർവ്വഹണ യൂണിറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ അനുവദിച്ചിട്ടുള്ളതും പുതുതായി അനുവദിക്കേണ്ടതും/മാറ്റം വരുത്തേണ്ടതുമായ തസ്തികകൾ ചുവടെച്ചേർക്കുന്നു.

| ക്രമ നം | 15.01.2025 ലെ സ.ഉ (കൈ) 02/2025/ ദു. നി.വ ഉത്തരവ് പ്രകാരം അനുവദിച്ച തസ്തിക | നിയമന രീതി | പുതുതായി അനുവദിക്കേണ്ട/മാറ്റം വരുത്തേണ്ട തസ്തിക | നിയമന രീതി | ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| 1 | ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ | അന്യത്ര സേവനം/കരാർ | മാറ്റം വരുത്തേണ്ടതില്ല | കെ.എ.എസ് ൽ നിന്നും അന്യത്ര സേവനം മുഖേന | 77200- 140500 |
| 2 | പ്രോഗ്രാം ഓഫീസർ | അന്യത്ര സേവനം/കരാർ | മാറ്റം വരുത്തേണ്ടതില്ല | കരാർ നിയമനം | 1,00,000/- |
| 3. | ഫിനാൻസ് & | അന്യത്ര സേവനം | ഫിനാൻസ് | ധനകാര്യ | മാതൃവകുപ്പിലെ |

| | | | | | |
|---|---|---|---|---|---|
| | അക്കൗണ്ട്സ് ഓഫീസർ | മുഖേന/കരാർ | ഓഫീസർ | വകുപ്പിൽ നിന്നും അണ്ടർ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ അന്യത്ര സേവനം മുഖേന | പോലെ |
| 4. | ക്ലർക്ക് | ജില്ലാഭരണ കൂടത്തിൽ നിന്നും അന്യത്ര സേവനം മുഖേന | ക്ലർക്ക് -3 തസ്തികകൾ | റവന്യൂ വകുപ്പിൽ നിന്നും അന്യത്ര സേവനം മുഖേന | മാതൃ വകുപ്പിലെ പോലെ |
| 5. | | | അക്കൗണ്ട്സ് ഓഫീസർ (പുതിയത്) | കരാറടിസ്ഥാനത്തിൽ | 60,000/- രൂപ |
| 6. | | | സിവിൽ എൻജിനീയർ (പുതിയത്) | കരാറടിസ്ഥാനത്തിൽ | 70,000/- രൂപ |

6. മന്ത്രിസഭായോഗ തീരുമാന പ്രകാരം പുറപ്പെടുവിച്ച 15.01.2025 ലെ സ.ഉ (കൈ)നം.02/2025/ഡിഎംഡി ഉത്തരവിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ തലവനായി ജില്ലാകളക്ടറെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിന് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ പൂർണ ചുമതല നിലവിലുള്ള വയനാട് ടൗൺഷിപ്പിന്റെ സ്പെഷ്യൽ ഓഫീസർക്ക് നൽകുന്നതായിരിക്കും ഉചിതം. പി.ഐ.യു വിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ചീഫ്

ഓപ്പറേറ്റിംഗ് ഓഫീസർ ജില്ലാകളക്ടർക്ക് പകരം സ്പെഷ്യൽ ഓഫീസർ മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കാവുന്നതാണ്.

7. വയനാട് ടൗൺഷിപ്പ് പ്രോജക്ടുകളുടെ പി.ഐ.യുവിൽ മേൽപ്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കുന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

1. വയനാട് ടൗൺഷിപ്പ് പദ്ധതികളുടെ നടത്തിപ്പിനായി രൂപീകരിച്ച പദ്ധതി നിർവ്വഹണ യൂണിറ്റിൽ ഖണ്ഡിക 4 ൽ പരാമർശിച്ചിട്ടുള്ള പ്രകാരം അക്കൗണ്ട്സ് ഓഫീസർ, സിവിൽ എൻജിനീയർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനും, ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ എന്ന തസ്തിക ഫിനാൻസ് ഓഫീസർ എന്ന് പുനർനാമകരണം ചെയ്യുന്നതിനും അനുമതി നല്കാമോ ?

2. വയനാട് ടൗൺഷിപ്പ് പദ്ധതികളുടെ നടത്തിപ്പിനായി രൂപീകരിച്ച പദ്ധതി നിർവ്വഹണ യൂണിറ്റിൽ ഖണ്ഡിക 4 ൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ച് സ്റ്റാഫിന്റെ നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ടിന് അനുമതി നല്കാമോ?

3. വയനാട് ടൗൺഷിപ്പ് പ്രോജക്ടിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ, 15/01/2025 ലെ സഉ(കൈ)നം.2/2025/ഡിഎംഡി ഉത്തരവിൽ ഭേദഗതി വരുത്തി ജില്ലാകളക്ടർക്ക് പകരം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ തലവനായി സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ടിനെ ചുമതലപ്പെടുത്താവുന്നതും, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സ്പെഷ്യൽ ഓഫീസറിന് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നല്കാവുന്നതുമാണോ?